**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3464** **12-03-2025 - ൽ മറുപടിയ്ക്ക്**

**പോഷക സമൃദ്ധി മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക പാരിസ്ഥിതിക പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉല്പാദിപ്പിക്കുന്നത് ലക്ഷ്യമിട്ട് ആരംഭിച്ച പോഷക സമൃദ്ധി മിഷന്റെ പ്രവർത്തനം ഏത് ഘട്ടം വരെയായെന്ന് വിശദമാക്കാമോ? | (എ) | ഉത്പാദനം, വിപണനം, മൂല്യവർദ്ധനവ്, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചാണ് പോഷക സമൃദ്ധി മിഷന് രൂപം നൽകിയിട്ടുള്ളത്.<br><br>പോഷക സമൃദ്ധവും, സുരക്ഷിതമായ ഭക്ഷണം ഉറപ്പ് വരുത്തുന്നതിനും, മിഷനിൽ ഉൾപ്പെട്ട വിളകളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മിഷൻ സഹായകരമാകുന്നതാണ്. പോഷക സമൃദ്ധമായ ഭക്ഷണ പദാർത്ഥങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, എന്നീ വിളകൾക്ക് മിഷനിലൂടെ പ്രോത്സാഹനം നൽകുന്നു. പോഷക പ്രാധാന്യമുള്ള ഭക്ഷണത്തിന്റെ ലഭ്യത ആവശ്യാനുസരണം ഉറപ്പാക്കുന്നതിനായി മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ട വിവിധ വിളകൾ വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ സമയബന്ധിതമായി ഉൽപ്പാദിപ്പിക്കുന്നതാണ്. ഇതിനായി മേൽപ്പറഞ്ഞ വിളകളുടെ വികസനത്തിനായി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്ന വിവിധ കേന്ദ്ര- സംസ്ഥാന പദ്ധതികൾ ഫലപ്രദമായ രീതിയിൽ സംയോജിപ്പിക്കുന്നതാണ്.<br><br>കാർഷിക പാരിസ്ഥിതിക പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ പോഷക പ്രാധാന്യമുള്ള വിളകൾ ഉല്പാദിപ്പിക്കുന്നത് ലക്ഷ്യമിട്ട് ആരംഭിച്ച പോഷക സമൃദ്ധി മിഷന്റെ നാളിതുവരെയുള്ള പ്രവർത്തനം പുരോഗതി ചുവടെ ചേർക്കുന്നു. |

2024-25 സാമ്പത്തിക വർഷം മുതൽ 2026-27 വർഷം വരെ നീണ്ടു നിൽക്കുന്ന മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വർഷത്തിലും 25 ലക്ഷം വീതം ആകെ 75 ലക്ഷം കുടുംബങ്ങളെ പങ്കാളികളാക്കുന്നതിനാണ് മിഷനിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവരെ 459839 കുടുംബങ്ങൾ മിഷനിൽ പങ്കാളികളായിട്ടുണ്ട്. മിഷന്റെ ഭാഗമായി ജില്ല/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ 1792 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. മിഷന്റെ ഭാഗമായി ജില്ല/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ 1083 ഉൽപ്പാദന വിതരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.

**പോഷക സമൃദ്ധി മിഷന്റെ ഭാഗമായി വിവിധ ഘടകങ്ങളിൽ നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**

- മിഷന്റെ ഭാഗമായി വീട്ടുവളപ്പുകളിൽ 86000 പോഷകത്തോട്ടങ്ങൾ നിർമ്മിച്ചു.
- മിഷന്റെ ഭാഗമായി 737.61 ഹെക്ടർ സ്ഥലത്ത് പഴവർഗ്ഗ ക്ലസ്റ്റർ നടപ്പിലാക്കി.
- ഫലവൃക്ഷതൈകളുടെ വിതരണം പദ്ധതിയിൽ 12,41,633 എണ്ണം ഫലവൃക്ഷതൈകൾ വിതരണം പൂർത്തീകരിച്ചു.
- 100/- രൂപ വിലയുള്ള വിവിധ പച്ചക്കറി ഇനങ്ങളുടെ ഒരു ലക്ഷം സങ്കരയിനം പച്ചക്കറി വിത്ത് വിതരണം പൂർത്തീകരിച്ചു.
- 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈ വിതരണം പൂർത്തീകരിച്ചു.
- മിഷന്റെ ഭാഗമായി മാധ്യമങ്ങൾ മുഖേന 2 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം പൂർത്തീകരിച്ചു.
- സങ്കരയിനം അല്ലാതെയുള്ള 10/- രൂപയുടെ 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം പൂർത്തീകരിച്ചു.
- സങ്കരയിനം അല്ലാതെയുള്ള 2.5/- രൂപയുടെ 40 ലക്ഷം പച്ചക്കറി തൈകൾ വിതരണം പൂർത്തീകരിച്ചു.
- ദീർഘകാല പച്ചക്കറി ഇനങ്ങളായ അഗത്തി, മുരിങ്ങ, കറിവേപ്പ് ഉൾപ്പെടെയുള്ള 15/- രൂപയുടെ 1 ലക്ഷം തൈകൾ വിതരണം പൂർത്തീകരിച്ചു.
- 25 പച്ചക്കറി തൈകൾ നട്ടുപടിപ്പിച്ച് മൺചട്ടി / HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ, ആകെ 7980 യൂണിറ്റുകൾ വിതരണം പൂർത്തീകരിച്ചു.

| | | | |
|---|---|---|---|
| | | | • 62.69 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി വ്യാപിപ്പിച്ചു.<br>• ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ മിഷന്റെ പ്രചരണത്തിന്റെ ഭാഗമായി ബ്രോഷർ, ഷോർട്ട് വീഡിയോ തുടങ്ങിയവ തയ്യാറാക്കിയിട്ടുണ്ട്. ഞാറ്റുവേല പ്രോഗ്രാമിനോടൊപ്പവും കേരള കാർഷകൻ മാസികയിലൂടെയും മിഷനെ സംബന്ധിച്ച പ്രചരണ പരിപാടികൾ നടത്തിയിട്ടുണ്ട്.<br>• കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ 17 വിഭാഗങ്ങൾക്കുമായി പോഷക തളിക രൂപകല്പന ചെയ്തിട്ടുണ്ട്.<br>• കാർഷിക സർവ്വകലാശാല മില്ലറ്റ് മിഷനുമായി ചേർന്ന് വെബ്ബിനാർ സംഘടിപ്പിച്ചു.<br>• ജില്ലാതലത്തിൽ മിഷന്റെ പ്രചാരണത്തിന്റെ ഭാഗമായി കർഷകർക്കായി 1792 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. കൂടാതെ SAMETI, RATTC, FTC മുഖേന കൃഷി ഉദ്യോഗസ്ഥർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ